# കണ്ണീരും കാപട്യവും

**എം. എം. അക്ബർ**

ഇസ്‌ലാം മാത്രമാണ് സത്യമതമെന്ന് പൂർണബോധ്യമുള്ളവനാകണം പ്രബോധകൻ. അല്ലാഹുവിന്റെ നിയമങ്ങളോരോന്നും അപ്രമാദിതവും അവക്രവും അജയ്യവുമാണെന്നും അവയാണ് യഥാർഥത്തിൽ മാനവികത പ്രദാനം ചെയ്യുന്നതെന്നുമുള്ള ദൃഢബോധ്യത്തിന്റെ അടിസ്ഥാനത്തിലാവണം മറ്റുള്ളവരെ ഈ മാർഗത്തലേക്ക് ക്ഷണിക്കുന്നത്. ദൈവികമതത്തെ തെറ്റിദ്ധരിപ്പിക്കുവാനും തമസ്കരിക്കുവാനുമുള്ള പരിശ്രമങ്ങളുടെ ബലിയാടുകളായി മുസ്‌ലിംകളെ മാറ്റുവാൻ വേണ്ടിയുള്ള തന്ത്രപ്പാടുകളാണ് ലോകമെങ്ങും നാം കണ്ടുകൊണ്ടിരിക്കുന്നത്. മതബബോധമുള്ള മുസ്‌ലിംകളിൽ തന്നെ ഇസ്‌ലാമിക നിയമങ്ങളെക്കുറിച്ച അപകർഷത വളർത്തുവാനുതകുന്ന സംഭവങ്ങളെയും വാർത്തകളെയും സൃഷ്ടിച്ചുകൊണ്ടാണ് ഇസ്‌ലാം വിരുദ്ധ ലോബി അതിന്റെ ആശയ പ്രകാശനം നിർവഹിക്കുന്നത്. മുസ്‌ലിംകളെത്തന്നെ ഇസ്‌ലാം വിരുദ്ധ ആശയങ്ങളുടെ പ്രചാരകരാക്കുവാൻ ഇതുവഴി കഴിയുമെന്നാണ് അവരുടെ കണക്കുകൂട്ടൽ. ഇസ്‌ലാമിനെ സംരക്ഷിക്കണമെങ്കിൽ ചില ഇസ്‌ലാമിക നിയമങ്ങളുടെയെങ്കിലും അജയ്യതയും അന്യൂനതയും സാർവകാലികത്വവും തള്ളിപ്പറഞ്ഞേ മതിയാവൂവെന്ന് മുസ്‌ലിംകൾക്ക് സ്വയം തോന്നിപ്പിക്കുന്ന രീതിയിലാണ് അവർ കാര്യങ്ങളെ അവതരിപ്പിക്കുക. ആധുനികമെന്നും മാനവികമെന്നും പേരിട്ടുവിളിക്കുന്ന നിയമങ്ങൾക്കനുസൃതമായി ഇസ്‌ലാമിക നിയമങ്ങളെ വെട്ടിയും തിരുത്തിയും അവതരിപ്പിക്കേണ്ടതാണെന്ന ധാരണയാണ് അവർ ഉണ്ടാക്കാനായി ശ്രമിക്കുന്നത്. ഇസ്‌ലാമിക നിയമങ്ങളല്ല, ഇവർ പൂമാലയണിയിക്കുന്ന ആധുനിക നിയമങ്ങളാണ് അടസ്ഥാനരഹിതമെന്ന ബോധവും ബോധ്യവുമില്ലെങ്കിൽ അവരൊരുക്കുന്ന കെണിയിൽ ആരും വീണുപോകും. അത്രയ്ക്കും സമർഥമായാണ് കെണിയൊരുക്കപ്പെടുന്നത്. അനന്തരാവകാശികളില്ലാതെ വാലറ്റു പോയവനാണ് മുഹമ്മദ് നബി (സ)യെന്ന പരിഹാസത്തിന് അല്ലാഹു മറുപടി പറയുമ്പോൾ പരിഹസിക്കുവർ തന്നെയാണ് വാലറ്റവരെന്ന് പ്രഖ്യാപിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. ഇസ്‌ലാം വിമർശകരുടെ സ്ഥിതിയും ഇതാണ്. അതു മനസ്സിലാക്കുന്നവനാകണം പ്രബോധകൻ. അല്ലാത്ത പക്ഷം ശത്രു ഒരുക്കുന്ന കെണിയിൽ അവനും പെട്ടുപോകും. ഖുർആനിലെ ഏറ്റവും ചെറിയ സൂക്തത്തിലെ വരികളുടെ സാരം നമുക്ക് നൽകേണ്ട ആത്മവിശ്വാസം ഇത്തരത്തിലുള്ളതാണ്:

‘‘തീർച്ചയായും നിനക്ക് നാം ധാരാളമായ നേട്ടം നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിനു വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വച്ചു പുലർത്തുന്നവൻ തയൊകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)’’ (108:1-3).

നൗഷാദിന്റെ കണ്ണ് ഒരു വലിയ ചർച്ചയും പ്രശ്നവുമായപ്പോൾ ഇത് ഇസ്‌ലാം വിരുദ്ധരൊരുക്കുന്ന കെണിയാണെന്ന് മനസ്സിലാക്കുന്നതിൽ പലരും പരാജയപ്പെട്ടുവെന്നാണ് പ്രതികരണങ്ങൾ നമ്മെ തെര്യപ്പെടുത്തിയത്. ഇസ്‌ലാമിക ശിക്ഷാ സമ്പ്രദായം കാടവും അപരിഷ്കൃതവുമാണെന്ന് വരുത്തിത്തീർക്കുവാൻ വേണ്ടി പടച്ചെടുക്കപ്പെട്ട കെണിയിലകപ്പെട്ട് ഇസ്‌ലാമിക പ്രബോധനത്തിന്റെ പോസ്റ്ററൊട്ടിച്ച പലരും മോങ്ങുന്നതാണ് കാണാൻ കഴിഞ്ഞത്. കണ്ണിന് കണ്ണ് എന്ന ശിക്ഷാ സമ്പ്രദായം പ്രാകൃതമാണെന്ന് പ്രചരിപ്പിക്കുവാൻ പേനയുന്തിയവരിൽ ഏറെ ആവേശം കാണിച്ചത് ഇസ്‌ലാമിന്റെ ബാഡ്ജും പേറി നടക്കുവരായിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വിലയിരുത്തൽ. ശത്രുവൊരുക്കിയ കെണിയിൽ അവർ അബദ്ധത്തിൽ വീണു പോവുകയായിരുന്നുവെന്നതാണ് യാഥാർഥ്യം. ശിക്ഷ നടപ്പാക്കാൻ തീരുമാനിച്ച രാഷ്ട്രത്തോടുള്ള അന്ധമായ വിരോധവും ഇസ്‌ലാമിനകത്തു നിന്നുകൊണ്ടുതന്നെ അതിന്റെ ദാർശനികാടിത്തറ തകർക്കുവാൻ വേണ്ടി ശ്രമിക്കുവരോടൊപ്പമുള്ള അനുരാഗാത്മക സഹവാസവും ഈ വീഴ്ചക്ക് സ്നിഗ്ധത പകർന്നിട്ടുണ്ടാകാം. ഈ വീഴ്ച ഇല്ലാതെയാകണമെങ്കിൽ ഇസ്‌ലാം മാത്രമാണ് സത്യമെന്ന് ദൃഢബോധ്യത്തോടെ ഉൾക്കൊള്ളുവാനും വിളിച്ചു പറയുവാനും നമുക്ക് കഴിയണം. പലരും കെട്ടിയേൽപ്പിച്ച അപകർഷകതയുടെ വിഴുപ്പു ഭാണ്ഡം താഴെയിറക്കാൻ അപ്പോൾ മാത്രമെ നമുക്ക് കഴിയൂ.

ശത്രുക്കളും കൂട്ടുകാരും എത്രതന്നെ പരിശ്രമിച്ചാലും സത്യദീനിന്റെ പ്രകാശം കെടുകയില്ലെന്ന ഖുർആനിക പ്രഖ്യാപനത്തിന്റെ പൂർണതയും സത്യതയും വിളിച്ചോതുന്നതായി നൗഷാദ് കഥയിലെയും ക്ലൈമാക്സ് എന്നത് അല്ലാഹുവിന്റെ പ്രഖ്യാപനത്തിനും നടപടി ക്രമത്തിനും യാതൊരു മാറ്റവുമുണ്ടാകുകയില്ലെന്ന സത്യം ഒരിക്കൽ കൂടി ലോകത്തെ ബോധ്യപ്പെടുത്തി. കുറ്റവാളിയുടെ കണ്ണിലൂടെയല്ലാതെ, കുറ്റകൃത്യം വഴി പീഡനം സഹിച്ചവന്റെ ഭൂമികയിൽ നിന്ന് കുറ്റത്തെയും ശിക്ഷയെയും നോക്കിക്കാണുന്ന ഇ

സ്ലാമിക ശിക്ഷാനിയമങ്ങളുടെ മാനവിക മുഖമാണ് നൗഷാദിന് മാപ്പുകൊടുത്ത സൗദിയുടെ നടപടിയെക്കുറിച്ച് വിവരിച്ച വാർത്തകൾ വ്യക്തമാക്കിയത്. ആ തലത്തിൽ ചർച്ചകൊളൊന്നും നടന്നില്ലെന്നത് സ്വാഭാവികം മാത്രം. പത്രപ്രവർത്തനത്തിന്റെ പക്ഷപാത സംസ്കാരം നമുക്കെല്ലാം അറിയാവുന്നതാണല്ലോ. അവിടെയും ഇസ്ലാമിന്റെ ബാഡ്ജ് കുത്തിയവരും പൊതു സംസ്കാരത്തിന് അപവാദമൊന്നു മുണ്ടാക്കിയില്ല. എല്ലാവരും കൂടി അല്ലാഹുവിന്റെ പ്രകാശം കെടുത്താൻ ശ്രമിക്കുമ്പോഴും അവന്റെ പ്രകാശം ഉജ്വലമായി വിളങ്ങുക തന്നെയാണ്. അതു വിളങ്ങുകയും ചെയ്യും. അപകർഷതയില്ലാത്ത ഇസ്ലാമിക പ്രബോധകരുടെ മനസ്സിനെ അത് ദീപ്തമാക്കും. അവരത് പങ്കുവെക്കുമ്പോൾ ലോകം സത്യം അറിയും; അനുഭവിക്കും. ഓരോ പ്രതിസന്ധിയും കൂടുതൽ കരുത്താർജിക്കുവാനുള്ള ഊർജ സ്രോതസ്സാണ്, ആവണം പ്രബോധകന്. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ.